**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **18-09-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റി വഴിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം ഉപഭോക്താക്കളിലേക്ക് എത്തുമ്പോൾ അതിൽ ആവശ്യമായ അളവിൽ ക്ലോറിൻ ഉണ്ടെന്നു ഉറപ്പു വരുത്തുന്നതിനായി വിവിധ ഘട്ടങ്ങളിൽ **"Residual chlorine"** പരിശോധന നടത്തി വരുന്നു. ജലശുദ്ധീകരണ ശാലകളും സംഭരണ ടാങ്കുകളും മറ്റ് അനുബന്ധ ഘടകങ്ങളും നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ട്. ഇതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് രീതികൾ ചിട്ടപ്പെടുത്തിയിട്ടുമുണ്ട്. പൈപ്പ് ലൈൻ ചോർച്ചകൾ സമയബന്ധിതമായി കണ്ടെത്തുവാനും പരിഹരിക്കാനും ബ്ലൂ ബ്രിഗേഡ് / റണ്ണിങ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചു വരുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ **NABL** അംഗീകൃത ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിലേക്കായി നെട്ടൂർ കേരള ജല അതോറിറ്റി സ്റ്റേറ്റ് റഫറൻസ് ഇൻസ്റ്റിറ്റ്യൂട്ടിന് കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികൾ, പുഴകൾ, കായലുകൾ എന്നിവിടങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജലം ശേഖരിച്ച് **14** ജില്ലകളിലേയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവിക പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റു സ്രോതസ്സുകളായ കിണറുകളിലെയും മറ്റും ജലവും പരിശോധിച്ച് വരുന്നുണ്ട്.<br><br>കൂടാതെ മൺസൂണിനു മുൻപും ശേഷവും ജലശുദ്ധീകരണ ശാലയുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻടേയ്ക്ക് പോയിന്റിൽ നിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | റഫറൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ **7** ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ **11** ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി **25** ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തി വരുന്നുണ്ട്. ഭൗതിക/രാസ/ജൈവ ഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരുകയാണെങ്കിലും മറ്റു രീതികളിലുള്ള മലിനീകരണം ശ്രദ്ധയിൽപ്പെടുകയാണെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിനേയും മറ്റ് ബന്ധപ്പെട്ട അധികാരികളേയും അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ശുദ്ധീകരിച്ച വെള്ളം ടാങ്കർ ലോറികളിലൂടെ ലഭ്യമാക്കുന്നതിനായി വെന്റിങ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ സമയങ്ങളിൽ സ്രോതസ്സുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ